2023
OCTOBER
02
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## വേദാന്ത ഇനി 6 കമ്പനികൾ

**മുംബൈ:** വേദാന്ത കമ്പനി വിഘടിക്കുന്നതായി പ്രഖ്യാപിച്ച് ശതകോടീശ്വരൻ അനിൽ അഗർവാൾ വിപണിയെ ഞെട്ടിച്ചു. ലോഹം, ഊർജം, എണ്ണ,വാതകം, അലുമിനിയം ബിസിനസുകളെല്ലാം ഇനി പ്രത്യേകം കമ്പനികളുടെ കീഴിലെന്നാണ് പ്രഖ്യാപനം. സിങ്ക് ബിസിനസിലും ഉടച്ചുവാർക്കൽ വരും.കമ്പനിയുടെ പെരുകിവരുന്ന കടം കുറയ്ക്കാനും ഓരോ കമ്പനിയിലേക്കും കൂടുതൽ നിക്ഷേപം ആകർഷിക്കാനുമാണ് നടപടി. 52 ആഴ്ചയിലെ താഴ്ന്ന നിലവാരവും ഭേദിച്ച് ഇടിഞ്ഞ ഓഹരികൾ ഇന്നലെ 6 ശതമാനത്തിലധികം ഉയർന്നു.

വേദന്തയുടെ ഒരോ ഓഹരിക്കും പുതുതായി ലിസ്റ്റ് ചെയ്യുന്ന 5 കമ്പനികളുടെയും ഒരോ ഓഹരി വീതം ലഭിക്കും. ഓഹരി ഉടമകളുടെയും വിപണി നിയന്ത്രകരുടെയും കോടതിയുടെയും അനുമതി വിഘടിക്കൽ പൂർത്തിയാകാൻ ആവശ്യമാണ്. 12,15 മാസം നടപടിക്രമങ്ങൾ പൂർത്തിയാകാൻ എടുത്തേക്കും.

കഴിഞ്ഞ മാസം വിഘടിക്കൽ സംബന്ധിച്ച സൂചന ചെയർമാൻ അനിൽ അഗർവാൾ നൽകിയിരുന്നു. ഇന്നലെ കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അനുമതി ലഭിച്ചു. അതേസമയം, അനുബന്ധ കമ്പനിയായ ഹിന്ദുസ്ഥാൻ സിങ്കിന്റെ 65 ശതമാനം ഓഹരികളും വേദാന്ത ലിമിറ്റഡ് തന്നെ കൈവശം വയ്ക്കും.

6 ലിസ്റ്റഡ് കമ്പനികൾക്കും ബോർഡ് അംഗീകാരം നൽകി. വേദാന്ത അലുമിനിയം, വേദാന്ത ഓയിൽ ആൻഡ് ഗ്യാസ്, വേദാന്ത പവർ, വേദാന്ത സ്റ്റീൽ ആൻഡ് ഫെറസ്, വേദാന്ത ബേസ് മെറ്റൽസ്, വേദാന്ത ലിമിറ്റഡ് എന്നിവയാകും കമ്പനികൾ. അദാനി ഗ്രൂപ്പ് 2015ൽ നടത്തിയ അതേതരത്തിലാണ് വേദാന്തയുടെ വിഘടിക്കലെന്നതും ശ്രദ്ധേയമാണ്.

## ഗൾഫ് രാജ്യങ്ങളിലേക്ക് ഒറ്റ വീസ: ശുഭസൂചനയുമായി യുഎഇ

**അബുദാബി :** തൊഴിലന്വേഷകർക്കൊപ്പം വിനോദ സഞ്ചാരികൾക്കും കൂടുതൽ അവസരങ്ങളുടെ വാതിൽ തുറക്കുന്ന ഏകീകൃത വീസ നീക്കം ഊർജിതമാക്കി യുഎഇ. പദ്ധതി യാഥാർഥ്യമായാൽ ജിസിസി രാജ്യങ്ങളിൽ (യുഎഇ, ഒമാൻ, കുവൈത്ത്, ഖത്തർ, ബഹ്റൈൻ, സൗദി) താമസിക്കുന്ന വിദേശികൾക്കും സന്ദർശകർക്കും ഒറ്റ വീസയിൽ എല്ലാ രാജ്യങ്ങളിലേക്കും പോകാം.



ഏകീകൃത വീസ ഉടൻ നടപ്പാക്കുമെന്ന് യുഎഇ സാമ്പത്തിക കാര്യ മന്ത്രി അബ്ദുല്ല ബിൻ തൂഖ് പറഞ്ഞു. അബുദാബിയിൽ നടന്ന ഫ്യൂച്ചർ ഹോസ്പിറ്റാലിറ്റി ഉച്ചകോടിയിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. പദ്ധതി നടപ്പാകുന്നതോടെ ഓരോ രാജ്യത്തേക്കും പ്രത്യേകം വീസയ്ക്കുള്ള നടപടിക്രമങ്ങൾ ഒഴിവാകുന്നതിനൊപ്പം ചെലവും കുറയും. ഏകീകൃത വീസ വ്യവസായികൾക്കും ഗുണകരമാണ്.

രാജ്യങ്ങൾക്കിടയിൽ സ്വതന്ത്ര സഞ്ചാരത്തിനു വഴിയൊരുക്കുന്നത് എല്ലാ രാജ്യങ്ങൾക്കും ഗുണകരമാണെന്നാണ് വിലയിരുത്തൽ. ഗൾഫ് രാജ്യങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന റെയിൽ പദ്ധതി യഥാർഥ്യമാകുന്നതോടെ വിവിധ രാജ്യങ്ങളിലൂടെ കടന്നുപോകുന്ന യാത്രക്കാർക്കും പൊതുവീസ അനിവാര്യമാകും. ജിസിസി രാജ്യങ്ങളിലെ സ്വദേശി പൗരൻമാർക്ക് നിലവിൽ വീസയില്ലാതെ തന്നെ പരസ്പര സന്ദർശന അനുമതിയുണ്ട്.

# വിഴിഞ്ഞത്തേക്കുള്ള ആദ്യകപ്പൽ മുന്ദ്ര തുറമുഖത്ത് എത്തി

**പുതുവൈപ്പിലെ എൽപിജി ഇറക്കുമതി ടെർമിനലിലേക്കുള്ള ആദ്യ കപ്പൽ കൊച്ചിയിലെത്തി**



**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തേക്കുള്ള ആദ്യ ചരക്കുകപ്പൽ ഷെൻഹുവ 15ഗുജറാത്തിലെ മുന്ദ്ര തുറമുഖത്ത് എത്തി. കപ്പൽ ഏഴു ദിവസം മുന്ദ്രയിലുണ്ടാകും. മുന്ദ്ര തുറമുഖത്തേക്കുള്ള നാലു ക്രെയിനുകൾ ഇറക്കിവയ്ക്കുന്നതിനാണ് ഏഴു ദിവസമെടുക്കുക. തുടർന്ന് 11നോ, 12നോ വിഴിഞ്ഞത്തിനു സമീപമെത്തും. 15നാണു സർക്കാർ ഔദ്യോഗിക സ്വീകരണ പരിപാടി നിശ്ചയിച്ചിരിക്കുന്നതെന്നതിനാൽ അന്നാകും വിഴിഞ്ഞം തുറമുഖത്ത് അടുക്കുക. വിഴിഞ്ഞത്ത് ഇറക്കേണ്ടതു മൂന്നു ക്രെയിനുകളാണ്.

ആദ്യത്തെ ചരക്കുകപ്പൽ എത്തുന്നതിനൊപ്പം ചൈനീസ് വിദഗ്ധരുടെ സംഘവുമെത്തും. കപ്പലിൽ എത്തിക്കുന്ന ക്രെയിനുകൾ തുറമുഖത്ത് ഇറക്കാനാണ് അൻപതംഗ സംഘം എത്തുന്നത്. ആറുമാസത്തോളം ഇവർ തുറമുഖത്തുണ്ടാകും. ആദ്യ ഘട്ടത്തിൽ ക്രെയിനുകൾ പ്രവർത്തിപ്പിക്കുന്നതും ഇവരാകും. ലോകത്തിലെ ഏറ്റവും വലിയ ക്രെയിൻ നിർമാണക്കമ്പനികളിൽ ഒന്നായ ഷാങ്ഹായ് ഷെഹുവാ ഹെവി ഇൻഡസ്ട്രീസിൽനിന്നാണു ക്രെയിനുകൾ വാങ്ങുന്നത്. സെഡ്പിഎംസി എന്ന പേരിലറിയപ്പെടുന്ന കമ്പനിയാണു, ലോകത്തെ കണ്ടെയ്നർ ക്രെയിൻ വിപണിയിൽ 75 ശതമാനം കയ്യടിക്കിയിരിക്കുന്നത്. ചൈനീസ് സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണു കമ്പനി.

ഇവരുടെ ക്രെയിനുകൾ സ്ഥാപിക്കാനുള്ള വൈദഗ്ധ്യം ഈ കമ്പനിയിലെ ജീവനക്കാർക്കാണുള്ളത്. ആദ്യത്തെ കപ്പലിൽ ഒരു ഷിപ് ടു ഷോർ ക്രെയിനും രണ്ടു യാഡ് ക്രെയിനുകളുമാണ് എത്തിക്കുക. ഇത്തരത്തിൽ നാലു കപ്പലുകൾ കൂടി പിന്നീട് ചൈനയിൽനിന്നെത്തും. മുഴുവൻ ക്രെയിനുകളും സ്ഥാപിച്ചു കഴിഞ്ഞ ശേഷമേ ചൈനീസ് സംഘം മടങ്ങുകയുള്ളൂ.

പുതുവൈപ്പിൽ ഇന്ത്യൻ ഓയിൽ കോർപറേഷൻ (ഐഒസി) നിർമാണം പൂർത്തിയാക്കിയ എൽപിജി ഇറക്കുമതി ടെർമിനലിലേക്കു പാചക വാതകവുമായി (എൽപിജി) എത്തിയ ആദ്യ കപ്പൽ ചെഷയർ ഇന്നലെ വൈകിട്ട് 3.30 ന് ജെട്ടിയിൽ അടുപ്പിച്ചു. എൽപിജിയുടെ ഘടകങ്ങളായ ബ്യൂട്ടെയ്ൻ, പ്രൊപ്പെയ്ൻ വാതകങ്ങളുമായി എത്തിയ എൽപിജി കാരിയർ ഒക്ടോബർ മൂന്നിനു മടങ്ങുമെന്നാണു സൂചന. ടെർമിനലിൽ വാതകം ആദ്യമായി എത്തുന്നതിനാലാണു നടപടികൾ പൂർത്തിയാക്കാൻ കൂടുതൽ സമയം വേണ്ടിവരുന്നത്. ടെർമിനൽ പൂർണ സജ്ജമായെങ്കിലും ഇതു സംബന്ധിച്ച് ഐഒസി ഔദ്യോഗിക വിശദീകരണം നൽകിയിട്ടില്ല. പദ്ധതിയുടെ കമ്മിഷനിങ് ഏറെ വൈകാതെ നടക്കുമെന്നാണു സൂചന.





# അമൃത് സ്റ്റേഷൻ പദ്ധതി: ഷൊർണൂർ ജംക്ഷൻ റെയിൽവേ സ്റ്റേഷൻ മുഖം മിനുക്കുന്നു

**ഷൊർണൂർ:** ജംക്ഷൻ റെയിൽവേ സ്റ്റേഷൻ ഭാവിയിൽ ട്രാൻസ്പോർട്ട് ഹബ്ബാക്കുകയാണു ലക്ഷ്യമെന്ന മുഖവുരയോടെയുള്ള, അമൃത് സ്റ്റേഷൻ പദ്ധതിയുടെ ഭാഗമായ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. റെയിൽവേ സ്റ്റേഷനു മുൻവശത്തെ റോഡ് മാറ്റാനുള്ള പ്രവർത്തനങ്ങൾക്കാണു തുടക്കമായത്.

റോഡ് വെറ്ററിനറി കോംപ്ലക്സിനു സമീപം നിന്നു ഗതി മാറ്റി പാഴ്സൽ ഓഫിസിനു സമീപം എത്തിക്കുന്ന തരത്തിലാണു പ്രവർത്തനങ്ങൾ. ഇതോടെ സ്റ്റേഷനു മുൻവശം കൂടുതൽ സ്ഥലം ലഭ്യമാകും. അമൃത് സ്റ്റേഷൻ പദ്ധതിയിൽ ഷൊർണൂർ റെയിൽവേ സ്റ്റേഷൻ ഉൾപ്പെട്ടതോടെയാണ് 24.7 കോടിയുടെ വികസന പദ്ധതികൾ ആരംഭിച്ചത്.

സ്റ്റേഷനിൽ പുതിയ ഫുട് ഓവർ ബ്രിജ് നിർമാണം പുരോഗമിക്കുകയാണ്. എസ്കലേറ്ററിന്റെ സാധ്യതയും ചർച്ചകളിലുണ്ട്.

മിനിമം എസൻഷ്യൽ അമിനിറ്റി സ്റ്റാൻഡേർഡ് (എംഇഎ) അനുസരിച്ചുള്ള വെയിറ്റിങ് ഏരിയകൾ, ഇരിപ്പിടങ്ങൾ, ശുചിമുറികൾ എന്നിവ നിർമിക്കും. കാലാവസ്ഥാ വിവരങ്ങൾ സ്റ്റേഷനിലെ എല്ലാ പ്ലാറ്റ്ഫോമുകളിലും പ്രദർശിപ്പിക്കും.

നിലവിലുള്ള ഇടുങ്ങിയ മുഖം മാറി സ്റ്റേഷനു വിശാലമായ മുറ്റവും പാർക്കിങ് ഏരിയയും വരും. ട്രെയിൻ സമയവും പിന്നീടുണ്ടാകുന്ന മാറ്റങ്ങളും തത്സമയം യാത്രക്കാരെ അറിയിക്കാൻ ആധുനിക സംവിധാനം എല്ലാ പ്ലാറ്റ്ഫോമുകളിലുമുണ്ടാകും.



# പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയിൽ ഉൽപാദനം നിലച്ചു

**ചക്കിട്ടപാറ:** കെഎസ്ഇബി ആറ് മെഗാവാട്ടിന്റെ പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതിയിൽ വൈദ്യുതി ഉൽപാദനം ഇന്നലെ മുതൽ പൂർണമായും നിലച്ചു. പദ്ധതിയുടെ ജലസ്രോതസ്സായ പെരുവണ്ണാമൂഴി ഡാമിൽ നിന്നു വെള്ളം ലഭിക്കാതായതോടെ മൂന്ന് മെഗാവാട്ടിന്റെ രണ്ട് മെഷീനുകളും പ്രവർത്തനം നിർത്തിവച്ചു.

കെഎസ്ഇബിയും ജലസേചന വകുപ്പ് ചീഫ് എൻജിനീയറും തമ്മിലുള്ള എഗ്രിമെന്റ് പ്രകാരം ജൂൺ മുതൽ സെപ്റ്റംബർ 30 വരെയാണ് ഡാമിൽ നിന്നു വൈദ്യുതി പദ്ധതിക്കു ജലം നൽകേണ്ടത്. തുടർന്നു നാലു ഷട്ടറുകളും അടച്ച് ഡാമിന്റെ പരമാവധി സംഭരണശേഷിയായ 43.510 മീറ്റർ കഴിഞ്ഞാൽ മാത്രമേ വൈദ്യുതി ഉൽപാദനത്തിനു ജലം നൽകൂ.

ഇന്നലെ ഡാമിലെ ജലനിരപ്പ് 38.40 മീറ്റർ ആയിരുന്നു. ഡാമിന്റെ സ്പിൽവേയിലൂടെ കുറ്റ്യാടിപ്പുഴയിലേക്ക് ജലം ഒഴുക്കുന്നുണ്ട്. ഡാമിൽ നിന്ന് അധിക ജലം പാഴാകുന്നതായി ആക്ഷേപം ഉയർന്നു.

സപ്പോർട്ട് ഡാം പ്രവൃത്തി നടക്കുന്നതിനാൽ ഇപ്പോൾ ഡാമിൽ 38.44 മീറ്ററാണ് ജലം സംഭരിക്കുന്നത്. ഇതിനു ശേഷമുള്ള വെള്ളം ഇപ്പോൾ പുഴയിലേക്ക് ഒഴുക്കുകയാണ്. ഡാമിന്റെ പരമാവധി സംഭരണശേഷിയായ 43.510 മീറ്ററിനു ശേഷമേ വൈദ്യുതി ഉൽപാദനത്തിനു വെള്ളം നൽകുകയുള്ളൂവെന്ന് ജലസേചന വകുപ്പ് അധികൃതർ അറിയിച്ചു.



# യൂറിയ കിട്ടാനില്ല; കർഷകർ പ്രതിസന്ധിയിൽ

**പത്തനംതിട്ട:** രണ്ടാം വിളയായ മുണ്ടകൻ കൃഷിക്ക് പാടങ്ങളെല്ലാം ഒരുങ്ങിത്തുടങ്ങിയെങ്കിലും യൂറിയ കിട്ടാനില്ല, കർഷകർ പ്രതിസന്ധിയിൽ.  നടീൽ കഴിഞ്ഞ് പത്തു ദിവസത്തിനുള്ളിൽ ആദ്യ വളം നൽകണം. 2530 ദിവസത്തിനുള്ളിൽ രണ്ടാമത്തെ വളമായി യൂറിയയും പൊട്ടാഷും. ഇത് തെറ്റിച്ചാൽ നെൽച്ചെടികളുടെ വളർച്ചയെ ബാധിക്കും. വിളവ് കാര്യമായി കുറയുകയും ചെയ്യും. യൂറിയക്ക് കടുത്ത ക്ഷാമമായതോടെ കർഷകർ നെട്ടോട്ടത്തിലാണ്.

ഫോസ്ഫറസ് കഴിഞ്ഞാൽ പാടശേഖരങ്ങളിൽ പ്രയോഗിക്കേണ്ട വളങ്ങളിൽ പ്രധാനപ്പെട്ടതാണ് യൂറിയ. 45 കിലോ ചാക്കിന് 1500 രൂപയോളം വില വരുന്നുണ്ടെങ്കിലും കർഷകർക്ക് സബ്സിഡി നിരക്കിൽ 266 രൂപയ്ക്കാണു ഇതു നൽകിയിരുന്നത്. ഏക്കറിന് 35  40 കിലോഗ്രാം യൂറിയയാണ് വേണ്ടത്. രാസവളങ്ങളിൽ പൊട്ടാഷിനും യൂറിയക്കുമാണ് ജില്ലയിൽ ആവശ്യക്കാർ ഏറെയുള്ളത്. കർഷകർക്ക് കൃഷി ചെലവ് വർധിക്കുന്നത് പലരും ക!ൃഷിയിൽ നിന്ന് പിന്തിരിയാൻ ഇടയാക്കുമെന്നും കർഷകർ പറയുന്നു.

# അടിസ്ഥാന സൗകര്യങ്ങളില്ലാതെ മൂന്നാർ കെഎസ്ആർടിസി ഡിപ്പോ



**മൂന്നാർ:** ദിവസേന ലക്ഷങ്ങളുടെ വരുമാനമുണ്ടായിട്ടും മൂന്നാറിലെ കെഎസ്ആർടിസി ഡിപ്പോ പ്രവർത്തിക്കുന്നത് വൃത്തിഹീനമായ അവസ്ഥയിൽ. വിദേശികളടക്കമുള്ള നൂറുകണക്കിനു യാത്രക്കാരെത്തുന്ന പഴയ മൂന്നാറിലെ ഡിപ്പോയാണ് അടിസ്ഥാന സൗകര്യങ്ങളുടെ കുറവുമൂലം അവഗണിക്കപ്പെട്ടുകിടക്കുന്നത്. 6 ഷെഡ്യൂളുകളുമായി 1980ൽ ഓപ്പറേറ്റിങ് സെന്ററായി പ്രവർത്തനം ആരംഭിച്ച ഇവിടെനിന്നു നിലവിൽ അന്തർ സംസ്ഥാന സർവീസുകളടക്കം 29 ഷെഡ്യൂളുകളാണ് സർവീസ് നടത്തുന്നത്.

മറ്റു ഡിപ്പോകളിൽനിന്നുള്ള 65 സർവീസുകളാണ് മൂന്നാറിലേക്കുള്ളത്. 150 സ്ഥിരം ജീവനക്കാരും 30 താൽക്കാലിക ജീവനക്കാരുമാണ് ഇവിടെ ജോലി ചെയ്യുന്നത്. എറണാകുളം സോണിലെ മികച്ച വരുമാനമുള്ള ഡിപ്പോയാണിത്. അതേസമയം ചെളി നിറഞ്ഞും മാലിന്യങ്ങൾ കുന്നുകൂടിയും തെരുവുനായ്ക്കൾ നിറഞ്ഞും ശുചിമുറി ടാങ്ക് പൊട്ടിയൊഴുകിയും തെക്കിന്റെ കശ്മീരിലെ കെഎസ്ആർടിസി ഡിപ്പോയുടെ നിലവിലെ അവസ്ഥ പരമദയനീയമാണ്.

യാത്രക്കാർ ബസ് കാത്തുനിൽക്കുന്ന ടെർമിനലിനു സമീപം മാലിന്യങ്ങൾ കുന്നുകൂടി കിടക്കുകയാണ്. ഓട്ടം കഴിഞ്ഞെത്തുന്ന ബസുകളിൽ നിന്നുള്ള പ്ലാസ്റ്റിക് കുപ്പികൾ അടക്കമുള്ളവയാണ് ഈ പരിസരത്ത് കൂട്ടിയിട്ടിരിക്കുന്നത്. ടെർമിനലിനും പഴയ വർക്ക്ഷോപ്പിനും ഇടയിലുള്ള പ്രദേശത്ത് വൻകുഴികൾ രൂപപ്പെട്ട് മഴവെള്ളം കെട്ടിക്കിടക്കുന്നതു കാരണം യാത്രക്കാർക്ക് ഇതുവഴി നടന്നു പോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

ഡിപ്പോയുടെ പരിസരത്താണ് വർക്ഷോപ് കെട്ടിടം പ്രവർത്തിക്കുന്നത്. ചെറിയ മഴ പെയ്താൽ പോലും ചെളിക്കുണ്ടായി മാറുന്ന ഇവിടെ കിടന്നും ഇരുന്നുമാണ് ജീവനക്കാർ ബസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നത്. വിദൂര സ്ഥലങ്ങളിൽനിന്നെത്തി ഡിപ്പോയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും സ്ലീപ്പർ കോച്ചിൽ താമസിക്കുന്ന വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കും കുറഞ്ഞ ചെലവിൽ ഭക്ഷണം കഴിക്കുന്നതിനായി വർഷങ്ങൾക്ക് മുൻപ് നിർമിച്ച കന്റീൻ ഒരു വർഷമായി അടച്ചിട്ടിരിക്കുകയാണ്. 50,000 രൂപ മാസവാടകയ്ക്ക് സ്വകാര്യ വ്യക്തിയായിരുന്നു കന്റീൻ നടത്തിയിരുന്നത്. എന്നാൽ വകുപ്പുമായുള്ള തർക്കത്തെ തുടർന്ന്  ഒരു വർഷമായി അടഞ്ഞുകിടക്കുന്നതു കാരണം ലക്ഷങ്ങളുടെ നഷ്ടമാണ് വകുപ്പിനുണ്ടാകുന്നത്.

സ്ലീപ്പർ കോച്ചിൽ കിടന്നുറങ്ങുന്ന സഞ്ചാരികളും യാത്രക്കാരും ജീവനക്കാരും ഉപയോഗിക്കുന്ന ശുചിമുറികളുടെ ടാങ്ക് മാസങ്ങളായി പൊട്ടി ഒഴുകി ദുർഗന്ധം പരക്കുകയാണ്. ജീവനക്കാരും വിനോദ സഞ്ചാരികളും പരാതികൾ പറഞ്ഞിട്ടും ഒരു നടപടിയുമുണ്ടായില്ല. മാലിന്യങ്ങൾ പൊട്ടിയൊഴുകുന്ന ഭാഗത്ത് അധികൃതർ തകരഷീറ്റ് കൊണ്ട് മറച്ചുവച്ചിരിക്കുകയാണ്.രാത്രിയും പകലുമെന്ന് വ്യത്യാസമില്ലാതെ ഡിപ്പോയിൽ തെരുവുനായ ശല്യം രൂക്ഷമാണ്. ബുക്കിങ് ഓഫിസ്, ഡിപ്പോ എൻജിനീയറുടെ ഓഫിസ്, ടെർമിനൽ എന്നിവടങ്ങളിൽ തെരുവുനായ്ക്കൾ കൂട്ടത്തോടെ കിടന്നുറങ്ങുന്നത് കാരണം യാത്രക്കാർക്കും മറ്റ് ആവശ്യങ്ങൾക്ക് എത്തുന്നവർക്കും നായ്ക്കൾ ഭീഷണിയായിരിക്കുകയാണ്.

ഹരിതം

# ആനന്ദം മാത്രമല്ല ആദായവും തരും പൂക്കൃഷി: ശ്രദ്ധിക്കേണ്ട കാര്യങ്ങൾ



മഴക്കാലം കഴിഞ്ഞാൽ പൂന്തോട്ടങ്ങളിൽ പിന്നെ വാർഷിക പൂച്ചെടികളുടെ ഉത്സവമേളമാണ്. മാരിഗോൾഡ്, ആസ്റ്റർ, സീനിയ, ഡയാന്തസ്, പെറ്റൂണിയ, സാൽവിയ, സിലിഷ്യ, ടൊറീനിയ, ഡാലിയ, സൂര്യകാന്തി... എല്ലാം നമ്മുടെ നാട്ടിലെ കാലാവസ്ഥയിൽ സമൃദ്ധമായി പൂവിടുന്നവ. ഇവയുടെ, അധികം ഉയരം വയ്ക്കാത്ത, എന്നാൽ വേഗത്തിൽ വളർന്നു പൂവിടുന്ന സങ്കരയിനങ്ങൾക്കാണു വിപണിയിൽ ഡിമാൻഡ്.

വാർഷിക പൂച്ചെടികളുടെ സങ്കരയിനങ്ങൾ എല്ലാം തന്നെ വിത്ത് ഉപയോഗിച്ചാണ് വളർത്തിയെടുക്കുക. പാക്കറ്റ് വിത്തു വാങ്ങുമ്പോൾ കാലാവധി കഴിഞ്ഞില്ലെന്ന് ഉറപ്പാക്കണം. പച്ചക്കറി വിത്തു മുളപ്പിച്ചെടുക്കാൻ ഉപയോഗിക്കുന്ന പ്രോട്രേയിൽ മിശ്രിതം നിറച്ചു പൂച്ചെടികളുടെ വിത്തും നടാം. കുതിർത്തെടുത്ത ചകിരിച്ചോറും ആറ്റുമണലും ആവശ്യാനുസരണം സ്യൂഡോമോണാസും കലർത്തി തയാറാക്കിയ മിശ്രിതത്തിലാണു വിത്തു പാകേണ്ടത്. അധിക ഈർപ്പവും ഊഷ്മാവും വിത്തു മുളയ്ക്കാൻ ആവശ്യമാണ്. ഇതിനായി സുഷിരങ്ങളുള്ളതും പ്രകാശം കയറുന്നതുമായ പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിച്ച് ട്രെയ്ക്ക് ആവരണം നൽകണം. മുളച്ചു തുടങ്ങിയാൽ ഷീറ്റ് മാറ്റാം. നേർത്ത ഈർപ്പം നിലനിർത്തുന്ന വിധത്തിൽ നന നൽകണം. വിത്ത് പാക്കറ്റ്, വിത്ത് നട്ട ട്രേയോട് ചേർത്തു സൂക്ഷിച്ചാൽ മുളച്ചു വരുമ്പോൾ തൈകൾ ഏതിനമാണെന്ന് എളുപ്പത്തിൽ തിരിച്ചറിയാനാവും.

2 3 ഇലകളായാൽ തൈകൾ മാറ്റി നടാനുള്ള വളർച്ചയായി. 4 5 മണിക്കൂർ വെയിൽ കിട്ടുന്നിടത്തു നിലത്തു കൂട്ടമായി നട്ടു പൂത്തടം തയാറാക്കാം. അല്ലെങ്കിൽ ചട്ടിയിൽ വളർത്താം. ചകിരിച്ചോറ്, ചുവന്ന മണ്ണ്, ചാണകപ്പൊടി എന്നിവ ഒരേ അളവിൽ കലർത്തിയെടുത്തതിൽ അൽപം എല്ലുപൊടിയും ചേർത്ത മിശ്രിതത്തിൽ തൈകൾ നടാം. പൂത്തടം ഒരുക്കുന്നിടത്തെ മണ്ണു നീക്കി പകരം അരയടി കനത്തിൽ മിശ്രിതം നിറച്ച് അതിലാണ് നടേണ്ടത്. 5 6 ഇലകളായാൽ തണ്ടിൽ 6 മുട്ടാത്ത വിധത്തിൽ ഡിഎപി. അല്ലെങ്കിൽ 18:18:18 രാസവളം രണ്ടാഴ്ചയിലൊരിക്കൽ നൽകണം. വെള്ളത്തിൽ മുഴുവനായിലയിക്കുന്ന 19:19:19 രാസവളം ( 2 ഗ്രാം/ലീറ്റർ വെള്ളം) ചെടി മുഴുവനായി തളിച്ചു കൊടുക്കാം. ആവശ്യത്തിനു വളർച്ചയായാൽ വിൻക, ഡയാന്തസ്, ആസ്റ്റർ, സാൽവിയ തുടങ്ങി പല ഇനങ്ങളുടെയും കൂമ്പു നുള്ളി മാറ്റുന്നതു കൂടുതൽ പൂക്കൾ ഉണ്ടാകാൻ സഹായിക്കും.

രോഗകീടബാധയിൽ നിന്നു സംരക്ഷിക്കാൻ രണ്ടാഴ്ചയിലൊരിക്കൽ ഇമിഡാക്ലോപ്രിഡ് കീടനാശിനിയും ഹെക്സകൊണാസോൾ കുമിൾ നാശിനിയും കലർത്തി തയാറാക്കിയ മിശ്രിതം ചെടി മുഴുവനായി തളിച്ചുകൊടുക്കണം. ഇലയിലും പൂവിലും വീഴാത്ത വിധത്തിൽ മാത്രം നന നൽകുക. നന അധികമായാൽ പെറ്റൂണിയ, ഫ്ലോക്സ് എന്നിവ ചീഞ്ഞു നശിച്ചു പോകും.

വിത്ത് നട്ടാൽ 2 മാസത്തിനുള്ളിൽ വളർന്നു പൂവിടുന്നതാണു സങ്കരയിനം വാർഷിക പൂച്ചെടികൾ. പൂവിടാൻ തുടങ്ങിയ ചെടിയുടെ ആയുസ്സും 2 3 മാസം മാത്രമേ ഉണ്ടാകൂ.

# കോളനട്ട് എന്ന നാണ്യവിള



കൊക്കോ കുടുംബത്തിലെ ഒരുവിഭാഗമാണ് കോളനട്ട്. സ്റ്റെർക്കുലിയസിയെ എന്നാണ് ഈ കുടുംബത്തിന്റെ പേര്. ഔഷധ പ്രാധാന്യമുള്ളതും വ്യാവസായികരംഗത്ത് പല രാജ്യങ്ങളിലും പ്രാധാന്യമേറിയതാണ് ഇത്. വിവിധ രാജ്യങ്ങളിൽ വിവിധ പേരിൽ അറിയപ്പെടുന്നു. ബിസിനട്ട്, നഗുരുനട്ട് എന്നീ പേരുകളുമുണ്ട്. ശ്രീലങ്ക, മലയ, ഐവറികോസ്റ്റ്, നൈജീരിയ, പശ്ചിമാഫ്രിക്ക, ലൈബീരിയ തുടങ്ങിയ രാജ്യങ്ങളിൽ വ്യാപകമായി കൃഷിചെയ്യുന്നു. കേരളത്തിലെ ചൂടും മഴയുമുള്ള കാലാവസ്ഥയും മണ്ണിന്റെ പ്രത്യേകതയുമെല്ലാം ഈ കൃഷിക്ക് യോജിച്ചതാണ്. 40 മുതൽ 65 അടി വരെ ഉയരത്തിൽ വളരുന്ന മരമാണ്. 100 വർഷംവരെ മരത്തിന് ആയുസ്സുണ്ട്. കായ്കളാണ് ഉപയോഗവസ്തു.

ഇതിന്റെ കായ്കളിലാണ് ഔഷധമൂല്യമുള്ളത്. അതിസാരം, ഛർദി, ദഹ നക്കേട്, മലേറിയ എന്നിവ തടയുന്നതിനാൽ ഏറെ ഔഷധപ്രാധാന്യം ഇതിനുണ്ട്. മൈഗ്രേൻ തടയാനും ഔഷധമായി ഉപയോഗിക്കുന്നുണ്ട്. കൂടാതെ വിഷാദരോഗത്തെ തടയാനും ദന്തശുദ്ധി വരുത്താനും കോളാനട്ട് വിദേശരാജ്യങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. തടിയും വിലപിടിപ്പുള്ളതാണ്. വീട് നിർമിക്കാനും അലങ്കാര പ്രതിമകളും മറ്റ് വസ്തുക്കൾ ഉണ്ടാക്കാനും ഉപയോഗിക്കുന്നുണ്ട്.

സമുദ്രനിരപ്പിൽ നിന്ന് 1800 അടിവരെ ഉയരമുള്ളിടത്ത് കോളനട്ട് കൃഷിചെയ്യാം. വിത്ത് കിളിപ്പിച്ചുള്ള തൈകളാണ് നടീൽവസ്തു. 50ത50ത50 സെന്റിമീറ്റർ വ്യാസമുള്ള കുഴിയെടുക്കുക. കുഴികൾ തമ്മിൽ 25, 30 അടി അകലം വേണം. ജൈവവളമാണ് ഈ മരത്തിന് ഏറെ ഇഷ്ടം. കുഴിയിൽ കാലിവളമോ കമ്പോസ്റ്റോ മേൽമണ്ണ് ചേർത്ത് നിറയ്ക്കണം. ഇതിൽ തൈകൾ നടാം. കള നീക്കുക, വർഷംതോറും ജൈവവളം ചേർക്കുക. തീരെ വളർച്ചയില്ലാത്ത സാഹചര്യത്തിൽ രാസവളവും ചെയ്യാം. സെപ്തംബർ മുതൽ ജൂൺവരെയാണ് വിളവുകാലം. കായയുടെ പുറംതോടിൽനിന്ന് വിത്ത് ഇളക്കിയെടുത്ത് ഉണക്കിസൂക്ഷിക്കാം.

## അടുക്കളത്തോട്ടത്തിൽ വളർത്താം വള്ളിച്ചീര



ധാരാളം ഔഷധഗുണങ്ങളുള്ള ചെടിയാണ് വള്ളിച്ചീര. മലബാർ സ്പിനാഷ്, വഷളചീര, ബസല്ല എന്നീ പേരുകളിലും അറിയപ്പെടുന്ന ഇവ നിരവധി പോഷകങ്ങൾ കൊണ്ട് സമ്പുഷ്ടമാണ്. വേലിയിലോ പന്തലിട്ടുകൊടുത്തോ വളർത്താം. പച്ചനിറത്തിലും ചുവന്ന നിറത്തിലും വള്ളികളുള്ള രണ്ടിനമുണ്ട്.

വള്ളി ചീരയിൽ വിറ്റാമിൻ എ, സി, ഇരുമ്പ്, കാൽസ്യം എന്നിവ ധാരാളം അടങ്ങിയിട്ടുണ്ട്. മഗ്നീഷ്യം, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവയുടെ നല്ല ഉറവിടവുമാണ്. മറ്റൊരു ഗുണം നല്ല അളവിൽ ആന്റിഓക്സിഡന്റുകൾ ഉണ്ടെന്നതാണ്, പ്രത്യേകിച്ച് ബീറ്റാ കരോട്ടിൻ, ല്യൂട്ടിൻ, നിങ്ങളുടെ കോശങ്ങളെ പ്രായമാകാതിരിക്കാൻ സഹായിക്കുന്ന പ്രകൃതിദത്ത രാസവസ്തുക്കളാണിവ. വാതപിത്തരോഗങ്ങൾ, പൊള്ളൽ, അർശസ്, ചർമരോഗങ്ങൾ, ലൈംഗികബലഹീനത, അൾസർ മുതലായ രോഗങ്ങൾക്ക് പ്രതിവിധിയായി ഉപയോഗിക്കുന്നു.

അടുക്കളത്തോട്ടത്തിൽ വളർത്താവുന്ന മികച്ച ചെടിയാണ് വള്ളിച്ചീര. പച്ച ഇനമാണ് ഏറെ രുചികരം. ചുവന്ന തണ്ടുള്ളതിനെ ബസെല്ലാ റൂബറാ എന്നും വെള്ളത്തണ്ടുള്ളതിനെ ബസല്ല ആൽബാ എന്നുമാണു വിളിക്കുന്നത്. കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ വളർത്താൻ പറ്റിയ ഇനമാണ്. ഒരു വള്ളി ചീരയിൽ നിന്ന് തന്നെ നിരവധി തൈകൾ കിട്ടുമെന്നത് പ്രത്യേകതായാണ്. വെറും 40 ദിവസം കൊണ്ട് തന്നെ പൂത്തുതുടങ്ങും.

മെയ് ജൂൺ, സപ്തംബർഒക്ടോബർ മാസങ്ങളിലാണ് വള്ളിച്ചീര നടാൻ അനുയോജ്യം സമയം. പല തരത്തിലുള്ള മണ്ണിൽ വളരുമെങ്കിലും മണൽ കലർന്ന മണ്ണാണ് ഉത്തമം. തണ്ട് മുറിച്ചുനട്ടും കായ് നട്ടുമുളപ്പിച്ചും വളർത്താം. സാധാരണജൈവവളങ്ങൾ ഇട്ടുകൊടുത്താൽമതി. പ്രത്യേകിച്ച് വളത്തിന്റെ ആവിശ്യമില്ല. അടിവളമായി കമ്പോസ്റ്റോ ചാണകപ്പൊടിയോ രണ്ടു കിലോഗ്രാം വീതം നൽകാം. പന്തലിട്ട് വളർത്താൻ സ്ഥലമുണ്ടെങ്കിൽ അങ്ങിനെ വളർത്താം. നട്ട് ആറാഴ്ചകൊണ്ട് വിളവ് തരാൻ തുടങ്ങും.



# വിജയം തുടർന്നു കൊമ്പൻമാർ

**കൊച്ചി:** നായകന്റെ ഗോളിൽ കേരള ബ്ലാസ്റ്റേഴ്സിന് സൂപ്പർ ലീഗിൽ തുടർച്ചയായ രണ്ടാം ജയം. അഡ്രിയാൻ ലൂണ 74ാം മിനിറ്റിൽ നേടിയ ഏക ഗോളിലാണ് ബ്ലാസ്റ്റേഴ്സ് ജംഷഡ്പൂർ എഫ്സിയെ തറപറ്റിച്ചത്. ജയത്തോടെ ആറ് പോയിന്റുമായി പോയിന്റ് പട്ടികയിൽ രണ്ടാം സ്ഥാനത്തെത്തി ബ്ലാസ്റ്റേഴ്സ്. ആദ്യ മത്സരത്തിൽ സമനിലയിൽ കുരുങ്ങിയ ജംഷഡ്പൂർ ഏഴാം സ്ഥാനത്തായി. ഒക്ടോബർ 8ന് മുംബൈ സിറ്റി എഫ്സിയുമായി മുംബൈയിലാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത കളി. ബെംഗളൂരിനെതിരായ അതേ ടീമിൽ ഫ്രാങ്ക് ഡ്വാവൻ വിശ്വാസമർപ്പിച്ചു. മുൻനിരയിൽ ലെൻ ഡംഗൽ വന്നതായിരുന്നു ജംഷഡ്പൂർ നിരയിലെ ഏക മാറ്റം. കളി തുടക്കം മുതൽ ജംഷഡ്പൂർ പ്രതിരോധ നിര പരീക്ഷിക്കപ്പെട്ടു. എൽസിഞ്ഞോ ബ്ലാസ്റ്റേഴ്സിന് മുന്നിൽ മതിൽകെട്ടി. 13ാം മിനിറ്റിൽ മിഡ്ഫീൽഡർ ഇമ്രാൻ ഖാന് പരിക്കേറ്റ് പുറത്തുപോവേണ്ടി വന്നത് ജംഷഡ്പൂരിന് ആദ്യ തിരിച്ചടിയായി. കളി മധ്യനിരയിൽ മാത്രം കേന്ദ്രീകരിക്കപ്പെട്ടു. കാര്യമായ ഗോൾനീക്കങ്ങൾ ഇരുഭാഗത്ത് നിന്നും ഉണ്ടായില്ല. 39ാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് ലക്ഷ്യത്തിനടുത്തെത്തി. ബോക്സിന്റെ വലത് ഭാഗത്ത് നിന്ന് പ്രഭീർദാസിന്റെ കിടിലൻ ക്രോസെത്തി.
പന്തെടക്കാനുള്ള മുഹമ്മദ് അയ്മെന്റെ ശ്രമം വിഫലമായി. പക്ഷേ പിന്നിൽ നിന്ന ലൂണ പന്ത് കാലിൽ കൊരുത്തു. വലയുടെ വലത് മൂല ലക്ഷ്യമാക്കി ലൂണ തൊടുത്ത പന്ത് നേരിയ വ്യത്യാസത്തിൽ പുറത്തായി. ആവേശത്തോടെ എണീറ്റ ഗ്യാലറിയിൽ നെടുവീർപ്പുയർന്നു. ആദ്യപകുതി ഗോളില്ലാതെ പിരിഞ്ഞു.

രണ്ടാം പകുതിയിലും ബ്ലാസ്റ്റേഴ്സ് ആക്രമണം തുടർന്നു. ജംഷഡ്പൂർ പ്രതിരോധം പാറപോലെ ഉറച്ചുനിന്നു. ബോക്സ് വരെയെത്തുന്ന പന്തിനെ ലക്ഷ്യത്തിലെത്തിക്കുന്നതിൽ ബ്ലാസ്റ്റേഴ്സിന്റെ തുടർച്ചയായി പിഴവുകാട്ടി. കളിഗതി മാറ്റാൻ ക്വാമി പെപ്രയെ പിൻവലിച്ച് പരിക്കേറ്റ് പുറത്തായിരുന്ന ദിമിത്രിയോസ് ഡയമന്റകോസിനെ കോച്ച് കളത്തിലിറക്കി, ഡാനിഷ് ഫാറൂഖിക്ക് പകരം വിബിൻ മോഹനനും ഇറങ്ങി.

തൊട്ടുപിന്നാലെ പകരസഖ്യം ചേർന്നൊരു മിന്നൽനീക്കം നടത്തി, ലക്ഷ്യം തെറ്റി. 74ാം മിനിറ്റിൽ തകർപ്പൻ ആക്രമണത്തിലൂടെ ബ്ലാസ്റ്റേഴ്സ് സമനില പൂട്ടഴിച്ചു. ഇടതുവിങ്ങിൽ നിന്ന് വലത് ബോക്സിന് പുറത്തേക്കിയ പന്ത് ഡയ്സുകെ സകായ് ബോക്സിനരികിൽ ലൂണയ്ക്ക് നൽകി. ഡയമന്റകോസുമായുള്ള ചേർന്നുള്ള നീക്കം ജംഷഡ്പൂരിന്റെ പ്രതിരോധം പൊളിച്ചു. മുന്നിൽ ഗോളിമാത്രം നിൽക്കേ ലൂണ പന്ത് വലയുടെ ഇടത് കോർണറിൽ നിക്ഷേപിച്ചു. കാത്തിരുന്ന ഗോൾ പതിവുപോലെ ഗ്യാലറി ആഘോഷമാക്കി.

# ശക്തമായ മഴ; ആശ്വാസത്തോടെ കൃഷി മേഖല

**അമ്പലവയൽ :** ജില്ലയിൽ എല്ലായിടങ്ങളിലും ശക്തമായ മഴ തുടരുന്നു. പുഴകളിലും തോടുകളിലും ജലാശയങ്ങളിലും ജലനിരപ്പ് ഉയർന്നു. ഏതാനും ദിവസമായി തുടരുന്ന മഴ ഇന്നലെയും ജില്ലയിൽ ശക്തമായിരുന്നു. കഴിഞ്ഞ രാത്രിയും മിക്കയിടങ്ങളിലും ശക്തമായ മഴ ചെയ്തു. താഴ്ന്ന പ്രദേശങ്ങളിൽ ചിലഭാഗങ്ങളിൽ വെള്ളം കയറിയിട്ടുണ്ട്. ന്യൂനമർദങ്ങളുടെ ഫലമായാണു കാലവർഷം ശക്തമായത്. ഇത്തവണ മൺസൂണിൽ മഴ കുറഞ്ഞതു കാർഷിക മേഖലയിലടക്കം കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ഇതിനിടയിൽ ദിവസങ്ങളായി ശക്തമായ മഴ തുടരുന്നതിന്റെ ആശ്വാസത്തിലാണു ജില്ല.

മൺസൂണിന്റെ തുടക്കം മുതൽ മഴ കുറവായിരുന്ന ജില്ലയിൽ കഴിഞ്ഞ മാസം മികച്ച മഴയാണു ലഭിച്ചത്. ഒ!ാഗസ്റ്റിൽ ലഭിക്കേണ്ട മഴയേക്കാൾ 85% കുറവാണ് ജില്ലയിൽ ലഭിച്ചത്. ജൂൺ, ജൂലൈ മാസത്തിലും മുൻ വർഷങ്ങളെ അപേക്ഷിച്ചു മഴയിൽ കാര്യമായ കുറവുണ്ടായിരുന്നു. ഏറ്റവും മഴ കുറഞ്ഞത് ഓഗസ്റ്റിലാണ്. ലഭിക്കേണ്ട മഴയുടെ 15% മാത്രമാണു പെയ്തത്. താപനില ഗണ്യമായി ഉയരുകയും ചെയ്തു. സെപ്റ്റംബർ തുടക്കത്തിൽ കാര്യമായ മഴ ലഭിച്ചിലെങ്കിലും കഴിഞ്ഞ രണ്ടാഴ്ചയോളമായി ഭേദപ്പെട്ട മഴ ലഭിച്ചു. മൺസൂണിൽ മഴ കുറഞ്ഞാൽ വേനലിൽ കൃഷിയിടങ്ങളിൽ വെള്ളത്തിന്റെ ലഭ്യത കുറയുമെന്ന ആശങ്ക കർഷകർക്കുമുണ്ടായിരുന്നു. ഇത്തവണ മഴ കുറഞ്ഞതിനാൽ കാരാപ്പുഴ, ബാണാസുര ഡാമുകളിൽ ജലനിരപ്പ് കാര്യമായി ഉയർന്നിരുന്നില്ല. മുൻ വർഷത്തെ അത്രയും മഴ റിസർവോയർ പ്രദേശങ്ങളിൽ പെയ്യാത്തതിനാൽ ഡാമിലേക്കുള്ള നീരെ!ാഴുക്കും വളരെ കുറഞ്ഞിരുന്നു. കുറച്ചു ദിവസങ്ങളായി മഴ ശക്തമായതിനാൽ മൺസൂണിലെ മഴക്കുറവിന് ഒരു പരിധി വരെ പരിഹാരമാകുമെന്നാണു വിലയിരുത്തൽ. വരും ദിവസങ്ങളിലും ശക്തമായ മഴ തുടരുമെന്നാണു മുന്നറിയിപ്പ്.




# കൊച്ചിൻ അന്താരാഷ്ട്ര ഓർത്തോപീഡിക് സമ്മേളനം നടന്നു

**കൊച്ചി:** നാലാമത് കൊച്ചി അന്താരാഷ്ട്ര ഓർത്തോപീഡിക് സമ്മേളനം ഗ്രാൻഡ് ഹയാത്തിൽ സംഘടിപ്പിച്ചു. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സോഫി തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

റോഡ് അപകടങ്ങളിൽ പെട്ടവർക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കാൻ പൊതുജനം, പോലീസ്, ആമ്പുലൻസ്, ആശുപത്രി, ഓൺലൈൻ ഡാറ്റ സഹായം എന്നിവ ചേരുന്ന ശൃംഖല ആവശ്യമുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്കും പൊതുജനത്തിനും പ്രഥമ ശുശ്രൂഷ പരിശീലനവും ബോധവൽക്കരണ ക്ലാസുകളും ആവശ്യമാണ്. രക്ഷകരായി എത്തുന്നവർക്ക് നിയമപ്രശ്നങ്ങൾ സംബന്ധിച്ച് പല ആശങ്കകളുമുണ്ട്.

പരിശീലന സംവിധാനങ്ങൾ ഒരുക്കുന്നതിനും, അപകടത്തിൽ രക്ഷകരായി എത്തുവർക്കുള്ള നിയമ സംരക്ഷണ ബോധവൽക്കരണത്തിനും ഡോക്ടർമാരും അഭിഭാഷകരും അടങ്ങുന്ന കൂട്ടായ്മകൾക്ക് സാധിക്കും, ജസ്റ്റിസ് സോഫി തോമസ് പറഞ്ഞു.

സി.ഐ.ഒ.എസ് സ്ഥാപക ചെയർമാൻ ഡോ.എ.എ ജോൺ അധ്യക്ഷനായി. ഓർഗനൈസിങ് ചെയർമാൻ ഡോ.വേണുഗോപാൽ, ഓർഗനൈസിങ് സെക്രട്ടറി ഡോ.സുജിത് ജോസ്, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. ജോൺ ടി ജോൺ കേരള ഓർത്തോപീഡിക് അസോസിയേഷൻ പ്രസിഡന്റ് .ഡോ. ടാജൻ പി.ജെ, സി.ഒ.എസ് പ്രസിഡന്റ് ഡോ. ഡെന്നിസ് പി ജോസ്, ഡോ. ജിസ് ജോസഫ് പനക്കൽ എന്നിവർ സംസാരിച്ചു. അസ്ഥിയുടെ ഒടിവുകളും ഡിസ് ലൊക്കേഷനുകളും താക്കോൽ ദ്വാര ശസ്ത്രക്രിയ വഴി പുനസ്ഥാപിക്കൽ, സന്ധിമാറ്റിവയ്ക്കൽ, കാൽപാദത്തിലെ സങ്കീർണ്ണ പരിക്കുകളുടെയും, വൈകല്യങ്ങളുടെയും ചികിത്സ, അസ്ഥിരോഗങ്ങളിലെ ശസ്ത്രക്രിയാ വെല്ലുവിളികൾ, സാരമായ പരിക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നൂതന ശസ്ത്രക്രിയാ രീതികൾ എന്നിവയാണ് രണ്ട് ദിവസത്തെ ശാസ്ത്ര സെഷനുകളിൽ പ്രധാനമായതെന്ന്, ഓർഗനൈസിംഗ് സെക്രട്ടറി ഡോ.സുജിത് ജോസ് പറഞ്ഞു.

മൂന്ന് സമാന്തര ട്രാക്കുകളിലാണ് ശാസ്ത്ര സെഷനുകൾ നടന്നത്.. അസ്ഥി വൈകല്യങ്ങൾ, വാർദ്ധക്യത്തിലെ അസ്ഥി പ്രശ്നങ്ങൾ, പരിക്കുകൾ, അപകടങ്ങൾ ഉണ്ടാക്കുന്ന സങ്കീർണതകൾ, എന്നിവ സംബന്ധിച്ച് ദേശീയ അന്തർദേശീയ ഫാക്കൽറ്റികളും വിദഗ്ധരും ചർച്ചകളും വർക്ക്ഷോപ്പുകളും നടത്തി, ഡോ. സുജിത് ജോസ് പറഞ്ഞു.

പീഡിയാട്രിക് ഓർത്തോപീഡിക്സ്, ഓങ്കോളജി, നട്ടെല്ല് ശസ്ത്രക്രിയ എന്നിവയെക്കുറിച്ചുള്ള പ്രത്യേക സെഷനുകൾക്ക് പുറമേ, ജർമ്മനിയിൽ നിന്നുള്ള പ്രോ ഇംപ്ലാന്റ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ അണുബാധ സംബന്ധിച്ച ശാസ്ത്ര പരിപാടിയും സംഘടിപ്പിച്ചു, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. ജോൺ. ടി. ജോൺ പറഞ്ഞു.

ഇരുപത് രാജ്യാന്തര ഫാക്കൽറ്റികളും എഴുപതോളം ദേശീയ ഫാക്കൽറ്റികളും ഉൾപ്പെടെ അഞ്ഞൂറിലധികം വിദഗ്ധർ രണ്ട് ദിവസത്തെ സമ്മേളനത്തിൽ പങ്കെടുത്തു.

# ഇടുക്കി ഗവ. നഴ്സിംഗ് കോളജിൽ ആദ്യഘട്ട പ്രവേശനം പൂർത്തിയായി

**ചെറുതോണി :** ഇടുക്കി ഗവൺമെൻറ് മെഡിക്കൽ കോളജിനോടനുബന്ധിച്ച് പുതുതായി ആരംഭിക്കുന്ന നഴ്സിംഗ് കോളജിലേക്ക് 48 വിദ്യാർഥികൾ ആദ്യഘട്ടത്തിൽ പ്രവേശനമെടുത്തതായി മന്ത്രി റോഷി അഗസ്റ്റിൻ അറിയിച്ചു. ബിഎസ്സി നഴ്സിംഗ് കോഴ്സിലേക്ക് 60 സീറ്റുകളാണ് ഇവിടെ അനുവദിച്ചിട്ടുള്ളത്.

എൽബിഎസ് മുഖേന പ്രവേശന പരീക്ഷ നടത്തി സംസ്ഥാനത്തെ വിവിധ കോളജുകളിൽ പ്രവേശനം നൽകുന്ന പട്ടികയിൽ നിന്നുമാണ് ഇടുക്കിയിലേക്കുള്ള നഴ്സിംഗ് പ്രവേശനം നൽകുന്നത്. ശേഷിക്കുന്ന 12 സീറ്റുകളിലേക്കുള്ള പ്രവേശനം എൽബിഎസ് മുഖേന അടുത്ത ആഴ്ച പൂർത്തിയാകും.മെഡിക്കൽ കോളജ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന പ്രിൻസിപ്പൽ ഓഫീസിനോട് ചേർന്ന് ക്ലാസ് റൂമുകൾ, നഴ്സിംഗ് കോളജ് ഓഫീസ് എന്നിവയുടെ നിർമാണം പൂർത്തിയായി വരികയാണ്.

# തോരാമഴയിൽ ജലനിരപ്പുയരുന്നു; കർഷകർ ആശങ്കയിൽ

**വെച്ചൂർ:** തോരാതെ പെയ്യുന്ന മഴയെത്തുടർന്ന് പാടശേഖരങ്ങളുമായി ബന്ധപ്പെട്ട തോടുകളിൽ ജലനിരപ്പുയർന്നത് കർഷകരെ ആശങ്കപ്പെടുന്നു.

പെയ്ത്തു വെള്ളം കായലിലേക്ക് ഒഴുകിപ്പോകുന്നതിനു തടസം നേരിടുന്നതിനാൽ കിഴക്കൻ വെള്ളത്തിൻറെ വരവു ശക്തിപ്പെട്ടാൽ കൊയ്ത്തിനു പാകമായ പാടശേഖരങ്ങളിലെ വിളവെടുപ്പ് ദുഷ്കരമാകുമെന്ന് കർഷകർ പറയുന്നു.പൂവത്തുക്കരി, കോലാംപുറത്തുകരി, വലിയ പുതുക്കരി പാടശേഖരങ്ങൾ മൂന്നാഴ്ചയ്ക്കകം കൊയ്യേണ്ടതാണെന്ന് കർഷകർ പറയുന്നു. ശക്തമായ മഴയിലും കാറ്റിലും ചില പാടശേഖരങ്ങളിൽ ചെറിയ തോതിലെങ്കിലും നെല്ല് അടിഞ്ഞു തുടങ്ങിയിട്ടുണ്ട്. പാടശേഖരത്തിൽ പെയ്ത്തു വെള്ളം കെട്ടിനിന്നാൽ കൊയ്ത്തുയന്ത്രമിറക്കി വിളവെടുക്കാൻ ഏറെ പണിപ്പെടേണ്ടിവരും. വെച്ചൂർ അഞ്ചുമന തോടിൻറെ കൈവഴിയിലൂടെ കൈപ്പുഴയാറ്റിലേക്ക് വെള്ളമൊഴുകുന്നത് തടസപ്പെട്ട നിലയിലാണ്. വലിയ പുതുക്കരി പാടശേഖരത്തിൻറെ കിഴക്കുഭാഗത്തുകൂടി ഒഴുകുന്ന ഈ തോടിൻറെ ആഴം വർധിപ്പിച്ചാൽ മാത്രമേ നീരൊഴുക്കു ശക്തമാകൂ.

വെച്ചൂരിൽ 33 പാടശേഖരങ്ങളിലായി 3500 ഏക്കറിലാണ് നെൽകൃഷി. അരയേക്കറും ഒരേക്കറുമൊക്കെ കൃഷിയുള്ള നിർധനരാണ് ഇവരിലധികവും.തോടുകളിലെ തടസം നീക്കി നീരൊഴുക്കു ശക്തമാക്കി നെൽകൃഷി സംരക്ഷിക്കുന്നതിന് അധികൃതർ നടപടി സ്വീകരിക്കണമെന്ന് വെച്ചൂർ നെല്ലുത്പാദക കോ ഓർഡിനേറ്റിംഗ് കമ്മിറ്റി പ്രസിഡൻറ് എൻ. സുരേഷ്കുമാർ, സെക്രട്ടറി ടി.ഒ. വർഗീസ് എന്നിവർ ആവശ്യപ്പെട്ടു.

# ടെൻഡർ നടപടികൾ പൂർത്തിയായി: ബണ്ടുകെട്ടാൻ തയാറായി ജലസേചന വകുപ്പ്

**ഇരിങ്ങാലക്കുട:** കരുവന്നൂർ പുഴയിൽനിന്ന് പുത്തൻതോട് കെഎൽഡിസി കനാലിലേക്ക് നിർമിച്ചിരിക്കുന്ന തൊമ്മാന കനാലിലെ താമരവളയം ചിറയിലും മാടായിക്കോണം നന്തിക്കര റൂട്ടിൽ കോന്തിപുലം പാലത്തിന് സമീപം കെഎൽഡിസി കനാലിലും താത്കാലിക ബണ്ടുകൾ നിർമിക്കാൻ ഇറിഗേഷൻ വകുപ്പ് ടെൻഡർ നടപടികൾ പൂർത്തിയാക്കി.



ഡാമുകളിൽ വെള്ളം കുറഞ്ഞ സാഹചര്യത്തിൽ പാടശേഖരങ്ങളിൽ കൃഷിയിറക്കുന്നതിനായി സമയക്രമം നിശ്ചയിച്ച് ജില്ലാ കളക്ടർ ഉത്തരവിറക്കിയിരുന്നു. താമരവളയം, കോന്തിപുലം തടയണകൾ സമയബന്ധിതമായി കെട്ടണമെന്നും കാര്യക്ഷമമായ ജലസേചനസംവിധാനം നടത്തണമെന്നും പാടശേഖരസമിതി ഭാരവാഹികൾ ആവശ്യപ്പെട്ടിരുന്നു. ഇതിൻറെ അടിസ്ഥാനത്തിലാണ് കെഎൽഡിസി രണ്ടിടത്തും താത്കാലിക തടയിണ നിർമിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിരിക്കുന്നത്.

മഴ പെയ്ത സാഹചര്യത്തിൽ കർഷകർ ആവശ്യപ്പെടുന്ന സമയത്ത് ചിറകൾ കെട്ടാനാണ് ഇറിഗേഷൻ തീരുമാനം. കഴിഞ്ഞ വർഷം താമരവളയത്ത് ചിറകെട്ടുന്നത് പ്രദേശവാസികൾ എതിർപ്പുയർത്തിയിരുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ പഴയ ചിറ കെട്ടുന്ന സ്ഥലത്തുനിന്ന് നൂറുമീറ്റർ കിഴക്കോട്ടുമാറി കടകംപുള്ളി കടവിന് മുകളിൽ ചിറ നിർമിക്കാനാണ് തീരുമാനം.

കോന്തിപുലത്ത് പാലത്തിനുതാഴെ എല്ലാ വർഷവും കെട്ടാറുള്ള ഭാഗത്തുതന്നെയാണ് ഇത്തവണയും കെട്ടാൻ തീരുമാനം. താമരവളയത്തും കോന്തിപുലത്തും സ്ഥിരം തടയണ നിർമിക്കാൻ കെഎൽഡിസി സർക്കാരിന് പദ്ധതി സമർപ്പിച്ചു. കഴിഞ്ഞ ബജറ്റിൽ കോന്തിപുലത്ത് സ്ഥിരം തടയണയ്ക്കായി ഇറിഗേഷൻ വകുപ്പ് നൽകിയ 12.20 കോടിയുടെ പദ്ധതിക്കായി അതിൻറെ 20 ശതമാനമായ 2.44 കോടി വകയിരുത്തിരുന്നു. ഇതിൻറെ നടപടികൾ നടക്കുകയാണ്.

കളക്ടറുടെ ഉത്തരവുപ്രകാരം രണ്ടുഘട്ടങ്ങളിലായി കൃഷിയിറക്കാനാണ് തീരുമാനിച്ചിരുന്നത്.

എന്നാൽ മഴ തുടരുന്നതിനാൽ പലയിടത്തും കൃഷി തുടങ്ങാനായിട്ടില്ല. കൃഷി തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളക്കെട്ട് ഭീഷണിയും നിലനിൽക്കുന്നുണ്ട്.

# കോഴിക്കോട് ജില്ലയിലെ പത്ത് അരോഗ്യകേന്ദ്രങ്ങൾ എൻഎബിഎച്ച് നിലവാരത്തിലേക്ക്

**കോഴിക്കോട്:** ജില്ലയിലെ പത്ത് അരോഗ്യകേന്ദ്രങ്ങൾ എൻഎബിഎച്ച് നിലവാരത്തിലേക്ക് ഉയർത്തുന്നു.

അരിക്കുളം, കുരുവട്ടൂർ, ഫറോക്ക്, വെള്ളനൂർ, കട്ടിപ്പാറ എന്നീ ആയുർവേദ സ്ഥാപനങ്ങളും ചെറുവണ്ണൂർ, തൂണേരി, നന്മണ്ട, കോക്കല്ലൂർ, കട്ടിപ്പാറ തുടങ്ങിയ ഹോമിയോപ്പതി ആയുഷ് സ്ഥാപനങ്ങളുമാണ് എൻഎബിഎച്ച് നിലവാരത്തിലേക്ക് ഉയർത്തുന്നത്.

സമൂഹത്തിലെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുകയും പ്രാഥമിക പ്രതിരോധം ശക്തിപ്പെടുത്തുകയുമാണ് ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെൻററുകളിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധം, കൗമാരക്കാരുടെയും വയോജനങ്ങളുടെയും ആരോഗ്യ സംരക്ഷണം, പ്രത്യുൽപ്പാദന ആരോഗ്യ സംരക്ഷണം എന്നീ മേഖലയിലാണ് ഊന്നൽ നൽകുന്നത്. സ്ഥാപനങ്ങൾ എൻഎബിഎച്ച് നിലവാരത്തിലാക്കുന്നതിൻറെ അവലോകനയോഗം നാലിന് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഷീജ ശശിയുടെ അധ്യക്ഷതയിൽ ചേരും.



# ബജാജ് ഓട്ടോ പൾസർ എൻ150 അവതരിപ്പിച്ചു

**കൊച്ചി:** ലോകത്തെ ഏറ്റവും മൂല്യമുള്ള ഇരുചക്ര, മുച്ചക്ര വാഹന കമ്പനിയായ ബജാജ് ഓട്ടോ പൾസറിന്റെ പുതുപുത്തൻ അവതാരമായ എൻ150 ഇന്ത്യയിൽ അവതരിപ്പിച്ചു. വളർന്ന് വികസിച്ചു കൊണ്ടിരിക്കുന്ന പൾസർ നിരയിലേക്ക് ഒരു മികവുറ്റ കൂട്ടിച്ചേർക്കലാണ് പൾസർ എൻ150. റേസിങ് റെഡ്, എബോണി ബ്ലാക്ക്, മെറ്റാലിക് പേൾ വൈറ്റ് എന്നീ മൂന്ന് ആകർഷണീയമായ നിറങ്ങളിൽ ലഭ്യമാവുന്ന പുതിയ ബൈക്കിന് കേരളത്തിൽ 1,18,118 രൂപയാണ് എക്സ് ഷോറൂം വില. കഴിഞ്ഞ 18 മാസങ്ങളിലായി പൾസർ എൻ250യും, അങ്ങേയറ്റം വിജയകരമായി മാറിയ പൾസർ എൻ160യും അടക്കം നിരവധി പുതിയ മോഡലുകളാണ് പൾസർ നിരയിലൂടെ പുറത്തിറങ്ങിയത്.

നവീനതയും പ്രകടനവും ആഘോഷമാക്കി മാറ്റുന്ന പുതിയ ബജാജ് പൾസർ എൻ150, സ്റ്റൈലിലും പ്രവർത്തനക്ഷമതയിലും പുതിയ നിലവാരം സൃഷ്ടിക്കുന്നുണ്ട്. അത്യധികം കൃത്യതയോടെ രൂപപ്പെടുത്തിയ പിറകിലെ മോണോ ഷോക്ക് സസ്പെൻഷൻ, സ്പോർട്ടിയായ പുകക്കുഴൽ എന്നിങ്ങനെയുള്ള അത്യാധുനിക സവിശേഷതകൾ മികച്ച കൈകാര്യം ചെയ്യലും ഉറപ്പ് വരുത്തും. ഈ ഗണത്തിൽ ആദ്യമായി നൽകുന്ന എൽ ഇഡി പ്രൊജക്ടർ ഹെഡ് ലാമ്പ് ആണ് മറ്റൊരു സവിശേഷത. കൂടുതൽ വിശാലമായ 120 ക്രോസ്സെക്ഷൻ ഉള്ള പിറകിലെ ടയർ അസാധാരണമായ ഗ്രിപ്പും സ്റ്റെബിലിറ്റിയുമാണ് നൽകുന്നത്. ഏത് റോഡുകളും കീഴടക്കാനുള്ള ആത്മവിശ്വാസം അത് റൈഡർമാർക്ക് നൽകും. ബെല്ലി പാൻ, ഫ്രണ്ട് ഫെയറിങ്, ഫ്രണ്ട് ഫെൻഡർ എന്നിങ്ങനെയുള്ള ഫ്ളോട്ടിങ് ബോഡി പാനലുകൾ പുതിയ മോഡലിന് കൂടുതൽ ആകർഷണം നൽകും. 13.5എൻഎം ടോർക്കിൽ പരമാവധി 14.5 പിഎസ് കരുത്താണ് എഞ്ചിൻ ഉൽപ്പാദിപ്പിക്കുക.

20 വർഷം മുമ്പ് പ്രാരംഭ ഘട്ടത്തിലുള്ള സ്പോർട്ട് ബൈക്കിങിനെ പിടിച്ചുലച്ചു കൊണ്ട് ആദ്യ പൾസർ 150സിസി മോട്ടോർ സൈക്കിൾ ഞങ്ങൾ പുറത്തിറക്കിയപ്പോൾ, അന്നു തൊട്ട് ഇന്ത്യയിലെ ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന 150സിസി മോഡലായി അത് മാറിയെന്ന് ബജാജ് ഓട്ടോയുടെ മോട്ടോർ സൈക്കിൾ വിഭാഗം പ്രസിഡന്റ് സാരംഗ് കനാഡെ പറഞ്ഞു. എൻ150യുടെ ഏറ്റവും മികച്ച സവിശേഷതകളും, റോഡിലെ തകർപ്പൻ പ്രകടനവും, ആരേയും ആകർഷിക്കുന്ന വിലയുമൊക്കെ പൾസർ കുടുംബത്തിലേക്ക് ഒരു അമൂല്യമായ കൂട്ടിച്ചേർക്കലാക്കി അതിനെ മാറ്റിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## നാളികേരത്തിനു 60 രൂപ തറവില പ്രഖ്യാപിക്കണം’

**ഇരിട്ടി:** നാളികേരത്തിന്റെ വിലയിടിവ് മൂലം ദുരിതം അനുഭവിക്കുന്ന കർഷകരുടെ രക്ഷയ്ക്ക് കുറഞ്ഞതു 60 രൂപ താങ്ങുവില പ്രഖ്യാപിച്ച് വില സ്ഥിരത ഉറപ്പുവരുത്തണമെന്ന് ഇരിട്ടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി (ഐകോക്ക്) വാർഷിക പൊതുയോഗം ആവശ്യപ്പെട്ടു. ഇപ്പോൾ നടക്കുന്ന നാളികേര സംഭരണത്തിന്റെ ഗുണം യഥാർഥ കർഷകരിലേക്ക് എത്തുന്നില്ല. വിലയും തുച്ഛമാണ്. ഉൽപാദന ചെലവ് വളരെയധികം ഉയർന്നതുമൂലം ഒരുവിധത്തിലും തെങ്ങ് കൃഷി ലാഭകരമല്ലാത്ത സ്ഥിതിയാണ്. റബർ വില സ്ഥിരതാ ഫണ്ടിന്റെ രീതിയിൽ നാളികേര കർഷക സംഘം മുഖേന കർഷകർ ഹാജരാക്കുന്ന ബില്ല് പ്രകാരം തേങ്ങയ്ക്കു വിപണി വിലയും താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം എത്രയാണോ ആ തുക അതതു കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നൽകുന്ന രീതിയിൽ നാളികേരത്തിനും വില സ്ഥിരത ഫണ്ട് ഏർപ്പെടുത്തണമെന്നും യോഗം ആവശ്യപ്പെട്ടു.

5214 നാളികേര കർഷകരുടെ കൂട്ടായ്മയാണ് ഐകോക്ക് ഓഹരി ഉടമകളായ കർഷകരിൽ നിന്ന് നാളികേരം വിപണി വിലയേക്കാൾ 2 രൂപ അധികം നൽകി സംഭരിച്ച് മൂല്യവർധിത ഉൽപന്നങ്ങൾ ആക്കി മാറ്റുന്ന പ്രവർത്തനങ്ങളാണു നടത്തുന്നത്.

# കെഎൽആർ സർട്ടിഫിക്കറ്റ് നിയമ വിരുദ്ധം; വിശദീകരണവുമായി ലാൻഡ് ബോർഡ്

**കൽപ്പറ്റ:** ഭൂ വിനിയോഗത്തിന് കെഎൽആർ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന ഉദ്യോഗസ്ഥ ശാഠ്യം നിയമവിരുദ്ധം. ഭൂവുടമകൾ കെട്ടിടം, വീട് നിർമാണ അനുമതിക്ക് സമീപിക്കുന്പോൾ വയനാട്ടിലെ ചില തദ്ദേശ സ്ഥാപന സെക്രട്ടറിമാർ ആവശ്യപ്പെടുന്ന കെഎൽആർ സർട്ടിഫിക്കറ്റിന് കേരള ഭൂപരിഷ്കരണ നിയമത്തിൻറെ പിൻബലം ഇല്ലെന്ന് ലാൻഡ് ബോർഡ് സെക്രട്ടറി കഴിഞ്ഞ മാസം ജില്ലാ കളക്ടർക്ക് അയച്ച കത്തിൽ വ്യക്തമാക്കുന്നു.

വയനാട് കൽപ്പറ്റ സ്വദേശിയുടെ നിവേദനത്തിൻറെ അടിസ്ഥാനത്തിലാണ് കേരള ഭൂപരിഷ്കരണ നിയമം, മിച്ച ഭൂമി കേസ് എടുക്കൽ, കെഎൽആർ സർട്ടിഫിക്കറ്റ് എന്നിവയിൽ സ്പഷ്ടീകരണം നൽകി ലാൻഡ് ബോർഡ് സെക്രട്ടറിയുടെ കത്ത്. 1978ൽ ലാൻഡ് ട്രിബ്യൂണലിൽനിന്നു പട്ടയം കിട്ടിയ ഭൂമിയിൽ കെഎൽആർ സർട്ടിഫിക്കറ്റിൻറെ പേരിൽ ഭവന നിർമാണ അനുമതി നിഷേധിക്കുന്നുവെന്നും വസ്തു പണയപ്പെടുത്തി വായ്പയെടുക്കാൻ കഴിയുന്നില്ലന്നും ചൂണ്ടിക്കാട്ടിയായിരുന്നു നിവേദനം.

ബിൽഡിംഗ് പ്ലാൻ അംഗീകരിക്കണമെങ്കിൽ കെഎൽആർ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് തദ്ദേശ സ്ഥാപന സെക്രട്ടറി ആവശ്യപ്പെടുന്നുവെന്നും എന്നാൽ റവന്യു അധികാരികൾ ഈ സർട്ടിഫിക്കറ്റ് അനുവദിക്കുന്നില്ലെന്നും നിവേദനത്തിൽ വിശദീകരിച്ചിരുന്നു.

ഭൂ വിനിയോഗത്തിന് കെഎൽആർ സർട്ടിഫിക്കറ്റ് ബാധകമാക്കുന്ന നിർദേശമോ ഉത്തരവോ നൽകിട്ടുണ്ടെങ്കിൽ പിൻവലിക്കണമെന്ന് ലാൻഡ് ബോർഡ് സെക്രട്ടറിയുടെ കത്തിൽ പറയുന്നു. വയനാട് ഒഴികരെ ജില്ലകളിൽ ഇത്തരത്തിൽ സർട്ടിഫിക്കറ്റ് ഇല്ലെന്നും കത്തിൽ വ്യക്തമാക്കുന്നു. 1963ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നതാണ് കത്ത്.

ഒരു വ്യക്തിയെയും അനിയന്ത്രിതമായി ഭൂമി ആർജിക്കാൻ അനുവദിക്കാതിരിക്കുകയും സീലിംഗ് പരിധിക്ക് താഴെ നിർത്തുകയുമാണ് നിയമത്തിൻറെ ലക്ഷ്യം. 1970 ജനുവരി ഒന്നിനുശേഷം ആരും പരിധിലധികം ഭൂമി കൈവശം വയ്ക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യുന്നതാണ് നിയമത്തിൻറെ 87ാം വകുപ്പ്.

1970 ജനുവരി ഒന്നിനു ശേഷം ഇഷ്ടദാനമായോ, ക്രയവിക്രയമായോ പിൻതുടർച്ചാവകാശം വഴിയോ മറ്റു കൈമാറ്റങ്ങളിലൂടെയോ ഒരു വ്യക്തി ഭൂമി ആർജിക്കുകയും അത് ആ കൈവശക്കാരൻറെ ആകെ ഭൂവിസ്തൃതിയുടെ പരിധിയിൽ അധികമാവുകയും ചെയ്താൽ പരിധിയിലധികമുള്ള ഭൂമി സർക്കാരിൽ നിക്ഷിപ്തമാകും. ഒരു വ്യക്തിയുടെ ഭൂപരിധി നിർണയിക്കുന്പോൾ ഭൂ പരിഷ്കരണ നിയമത്തിലെ 81(1) വകുപ്പിൽ എ മുതൽ യു വരെ 21 വിഭാഗങ്ങളിൽ പ്രതിപാദിച്ച ഭൂമികളെ ഭൂപരിധിക്കായി കണക്കാക്കുന്നതിൽനിന്നു ഒഴിവാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ ഒഴിവാക്കിയ ഭൂമി 81(1) വകുപ്പിൽ പ്രതിപാദിക്കാത്ത മറ്റൊരു വിഭാഗത്തിലേക്ക് മാറ്റിയാൽ അത്രയും ഭൂമി കൈവശക്കാരൻറെ ഭൂപരിധി നിർണയിക്കുന്നതിൽ ഉൾപ്പെടുത്തണമെന്നാണ് 87ാം വകുപ്പിൽ പറയുന്നത്. ഭൂമികൾ തരം മാറ്റുന്നതിലൂടെ കൈവശക്കാരൻറെ ഭൂപരിധി അധികരിക്കരുത് എന്നു മാത്രമാണ് 87ാം വകുപ്പിലെ വ്യവസ്ഥ.

ഇതനുസരിച്ച് വകുപ്പ് 81(1)ൽ പ്രതിപാദിക്കുന്ന ഭൂമിയുടെ വിനിയോഗത്തിന് നിയമത്തിൽ യാതൊരു നിയന്ത്രണവും വ്യവസ്ഥ ചെയ്തിട്ടില്ല. 81ാം വകുപ്പ് പ്രകാരമുള്ള ഭൂമിയുടെ വിവരങ്ങൾ സൂക്ഷിക്കണമെന്ന് കെഎൽആർ നിയമത്തിലോ ചട്ടങ്ങളിലോ വ്യവസ്ഥയില്ല. വകുപ്പ് 81(1)ൽ പറയന്ന ഭൂമികൾ കൈവശമുള്ള വ്യക്തി തരം മാറ്റിയോ എന്നും അതുവഴി മിച്ചഭൂമി ഉണ്ടായോയെന്നുമാണ് താലൂക്ക് ലാൻഡ് ബോർഡുകൾ പരിശോധിക്കേണ്ടത്.സിവിൽ കോടതിയുടേതായ നിയമാനുസൃത നടപടികൾ അനുവർത്തിച്ച് താലൂക്ക് ലാൻഡ് ബോർഡ് മിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന സ്ഥലം ഏറ്റെടുത്താൽ മാത്രമേ ആ ഭൂമിയിൽ സർക്കാരിന് നിയമപരമായ അവകാശം ലഭിക്കൂ. പ്രസ്തുത ഭൂമിയിൽ സ്വകാര്യ വ്യക്തിയുടെ കരം അടവ്, പോക്കുവരവ്, റവന്യു സർട്ടിഫിക്കറ്റുകൾ, പെർമിറ്റുകൾ എന്നിവ വിലക്കാൻ കഴിയൂ. സർക്കാർ ഏറ്റെടുക്കുന്നതുവരെ ഭൂമിയിൽ സ്വകാര്യ വ്യക്തിയുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കപ്പെടണം.

## അങ്കമാലി റെയിൽവേ സ്റ്റേഷൻ വികസനം; 12.50 കോടിയുടെ അനുമതി

**അങ്കമാലി:** അമൃത് ഭാരത് സ്കീമിൽ ഉൾപ്പെടുത്തി അങ്കമാലി റെയിൽവേ സ്റ്റേഷനിൽ 12.50 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചതായി ബെന്നി ബഹനാൻ എംപി.

ഇത് സംബന്ധിച്ച് എംപിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും റെയിൽവേ ഉദ്യോഗസ്ഥരുടെയും വിപുലമായ യോഗം അങ്കമാലി റെയിൽവേ സ്റ്റേഷനിൽ ചേർന്നു.

റെയിൽവേ സ്റ്റേഷനിലെ ഒന്നും രണ്ടും പ്ലാറ്റ്ഫോമിലെ റൂഫിംഗ് എക്സ്റ്റൻഷൻ, സ്റ്റേഷൻറെ തെക്ക് ഭാഗത്ത് പുതിയ ഫുട്ട് ഓവർ ബ്രിഡ്ജ്, എട്ട് പേർക്ക് താമസിക്കാവുന്ന എസി ഡോർമെറ്ററി തുടങ്ങിയവയാണ് ആദ്യ ഘട്ടത്തിൽ നടപ്പാക്കുന്നത്.

## രണ്ടാം വിളയ്ക്കായി നിലമൊരുക്കൽ തുടങ്ങി

**ചിറ്റൂർ:** നല്ലേപ്പിള്ളിയിൽ രണ്ടാം വിള നെൽകൃഷിയിറക്കുന്നതിൻറെ ഭാഗമായി ഞാറു പാകൽ ആരംഭിച്ചു. മൂച്ചിക്കുന്ന് പാടശേഖര സമിതിയിലെ കർഷകരായ വി.രാജനും കെ.രാമചന്ദ്രനുമാണ് ഞാറ് പാകാൻ തയ്യറായിട്ടുള്ളത്. കമ്പംപടിയിലെ കുഴൽ കിണർ വെള്ളത്തെയും കവല കിണർ വെള്ളത്തെയും കനാൽ വെള്ളത്തെയും ആശ്രയിച്ചാണ് കൃഷിയിറക്കാൻ തീരുമാനിച്ചിട്ടുള്ളത്.

ഒന്നാം വിള നെൽകൃഷി നിര കതിർ പരുവത്തിലാണ്. അത് കൊയ്യാൻ 20 ദിവസമെങ്കിലും വേണം. കൊയ്ത്ത് കഴിഞ്ഞു നിലം ഉഴുത് മറിച്ചു നടീൽ നടത്താൻ 1520 ദിവസത്തിലധികം വേണം. ഞാറിൻറെ മൂപ്പ് കഴിച്ച് 100 ദിവസം നെൽപാടത്ത് വെള്ളം വേണം. വിളവെടുക്കണമെങ്കിൽ മഴ തന്നെ കിട്ടണം.

ഇപ്പോൾ ഞാറ്റടി തയ്യാറാക്കുന്നത് വൈകിയാൽ പിന്നീട് കൊയ്ത്ത് വൈകും. ഞാറു പാകാൻ പ്രത്യേകം സ്ഥലം കരുതി വെച്ചതു കൊണ്ടാണ് ഇപ്പോൾ ഞാറു പാകാൻ കഴിഞ്ഞതെന്ന് മൂച്ചിക്കുന്ന് പാടശേഖര സമിതി സെക്രട്ടറി വി.രാജനും പാ കെ. രാമചന്ദ്രനും പറഞ്ഞു.

## ഡെവലപ്പ്മെൻ്റ് എഞ്ചിനിയേഴ്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** എണ്ണ, പ്രകൃതി വാതകം പോലെയുള്ള വ്യവസായങ്ങൾക്കുള്ള പൈപ്പിംഗ് സൊല്യൂഷനുകൾ ലഭ്യമാക്കുന്ന ഡീ ഡെവലപ്മെൻ്റ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ(ഡിആർഎച്ച്പി) സമർപ്പിച്ചു.

ഓഹരി ഒന്നിന് പത്ത് രൂപ മുഖവിലയുള്ള 325 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 7,900,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

### ആസാദ് എഞ്ചിനീയറിങ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ആസാദ് എഞ്ചിനീയറിങ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് അനുമതി തേടി സെബിയ്ക്ക് കരടുരേഖ സമർപ്പിച്ചു.

240 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ, ഓഹരി ഒന്നിന് രണ്ട് രൂപ മുഖവിലയുള്ള 500 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ആനന്ദ് രതി അഡ്വൈസേഴ്സ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

### അഗിലസ് ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഡയഗ്നോസ്റ്റിക് സേവന ദാതാക്കളായ അഗിലസ് ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ(ഡിആർഎച്ച്പി) സമർപ്പിച്ചു.

നിലവിലുള്ള നിക്ഷേപകരുടെ, ഓഹരി ഒന്നിന് പത്ത് രൂപ മുഖവിലയുള്ള 14,233,964 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, സിറ്റി ഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
CUSTOMER SATISFACTION 100% GUARANTEED
CERTIFIED ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663